11-11-2020-ലെ കണ്ണൂർ ജില്ലാ കളക്ടറുടെ DCKNR/2753/2021/C1 നമ്പർ പ്രകാരം ഉത്തരവ് ആകുകയും ഏറ്റെടുക്കുന്ന ഭൂമിക്ക് ആർ ഒന്നിന് 6,56,757 രൂപ അടിസ്ഥാന വില നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ടി ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുകകൂടി കിഫ്ബി ഫണ്ടിൽനിന്നും ചെലവഴിക്കാൻ സർക്കാർ തീരുമാനമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഏറ്റെടുക്കേണ്ട ഭൂമിയുടെ ഉടമ ഭൂമി ഏറ്റെടുക്കൽ നടപടി ഉപേക്ഷിക്കണമെന്ന് അപേക്ഷിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. കേസ് നിലവിൽ ബഹു.കോടതിയുടെ പരിഗണനയിലാണ്.

(ബി) പാനൂർ താലൂക്കാശുപത്രിയിലേയ്ക്ക് സ്പെഷ്യൽ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ആരോഗ്യവകുപ്പ് ഡയറക്ടർ മുഖാന്തരം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

തൃശ്ശൂർ ജനറൽ ഹോസ്പിറ്റൽ വികസനം

165 (165) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജനറൽ ഹോസ്പിറ്റലിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും ഒഴിവുകൾ നികത്താമോ?

സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ തൃശ്ശൂർ ജനറൽ ആശുപത്രിയിൽ തസ്തികകളൊന്നുംതന്നെ നിലവിലില്ല.

(ബി) തൃശ്ശൂർ ജനറൽ ഹോസ്പിറ്റലിൽ പി.ജി. കോഴ്സുകൾ (DIP) ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

ബോർഡ് നിഷ്കർഷിച്ച യോഗ്യതയുള്ള ഫാകൽറ്റീസ് (മെഡിക്കൽ ഓഫീസർമാർ) ഇല്ലാത്തതിനാൽ ഈ കോഴ്സിന് അപേക്ഷ സമർപ്പിക്കാൻ സാധിച്ചിട്ടില്ല.

(സി) വിദൂര സ്ഥലങ്ങളിൽനിന്നും ജോലിക്കുവരുന്ന ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly